**കേരള സർക്കാർ**

**ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്**

**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ.      തീയതി : 2019 മാർച്ച് 11**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

# ലോകസഭാ തെരഞ്ഞെടുപ്പിനൊരുങ്ങി ജില്ലാ ഭരണകൂടം

തൃശൂർ ജില്ലാ ഭരണകൂടം പതിനേഴാമത് ലോകസഭാ തെരെഞ്ഞെടുപ്പിനൊരുങ്ങി. ഇതിന്റെ ഭാഗമായി ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറായ ജില്ലാ കളക്ടർ ടി വി അനുപയുടെ അദ്ധ്യക്ഷതയിൽ നോഡൽ ഓഫീസർമാരുടെ യോഗം കളക്ടറേറ്റിൽ ചേർന്നു. തെരഞ്ഞെടുപ്പ് കാര്യക്ഷമമാക്കാൻ എല്ലാവരും കൂട്ടായ്മ ശ്രമിക്കണം. എല്ലാം കുറ്റമറ്റ രീതിയിലാക്കാൻ നോഡൽ ഓഫീസർമാർ ടീമായി പ്രവർത്തിക്കുകയും ഓരോ നോഡൽ ഓഫീസറുടെയും കീഴിൽ ശക്തമായി പ്രവർത്തിക്കുന്ന ടീമുാക്കണമെന്നും ജില്ലാ കളക്ടർ നിർദ്ദേശിച്ചു. മാതൃക പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ എംഡിസി പ്രവർത്തനം ആരംഭിച്ചു. എംഡിസി പ്രവർത്തനങ്ങൾക്കായി സ്ക്വാഡുകൾ രൂപീകരിച്ചു. സ്വീപ്പ് പ്രവർത്തനങ്ങൾ നല്ല നിലയിൽ പ്രവർത്തിക്കുന്നുങ്കെിലും കൂടുതൽ ചിട്ടയോടെ അവ നടത്തുവാനും തീരുമാനമായി. ഏതെങ്കിലും തരത്തിൽ പ്രശ്നങ്ങളുങ്കെിൽ ജില്ലയിലെ തെരഞ്ഞെടുപ്പ് വിഭാഗവുമായി ബന്ധപ്പെടണമെന്നും ജില്ലാ കളക്ടർ അറിയിച്ചു. നിലവിലുള്ള 18 നോഡൽ ഓഫീസർമാരും യോഗത്തിൽ പങ്കെടുത്തു.

നോഡൽ ഓഫീസർമാരുടെ ചുമതല, ഫോൺ നമ്പർ, യഥാക്രമം : മാൻപവർ മാനേജ്മെന്റ് : എ.ഡി.എം റെജി. പി. ജോസഫ് (മൊ: 8547610081), ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ മാനേജ്മെന്റ് : പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ജോയ് ജോൺ (9496046010/ 9387058110), ട്രാൻസ്പോർട്ട് മാനേജ്മെന്റ് : റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ കെ. എം. ഉമ്മർ (8547639008/ 9446530747), ട്രെയിനിംഗ് മാനേജ്മെന്റ് : ഡിസാസ്റ്റർ മാനേജ്മെന്റ് ഡെപ്യൂട്ടി കളക്ടർ സി. ലതിക (8547610089/ 9446869815), മെറ്റീരിയൽ മാനേജ്മെന്റ് : കളക്ട്രേറ്റ് ഫിനാൻസ് ഓഫീസർ പി.ജെ. തോമസ് (8547610092) , മാതൃകാ പെരുമാറ്റചട്ടം : അസിസ്റ്റന്റ് കളക്ടർ എസ്.പ്രേംകൃഷ്ണൻ (9446002175/ 9446464641 ), തെരഞ്ഞെടുപ്പ് ചെലവുകളുടെ നിരീക്ഷണം : സ്റ്റേറ്റ് ഗുഡ്സ് ആൻഡ് സർവീസസ് ടാക്സ് ഡെപ്യൂട്ടി കമ്മീഷണർ ടി.എ. അഭിലാഷ്(9447786336/ 9447631702 ), തെരഞ്ഞെടുപ്പ് നിരീക്ഷകരുടെ ചുമതല : ജില്ലാ പ്ലാനിംഗ് ഓഫീസറായ ടി. ആർ. മായ (9495098597/ 9846486999)ക്കുമാണ്.

ക്രമസമാധാനപാലനത്തിന്റെയും ജില്ലാ സെക്യൂരിറ്റി പ്ലാനിന്റെയും ചുമതല : ഇരിങ്ങാലക്കുട ആർ. ഡി.ഒ സി.ആർ. കാർത്ത്യാനിദേവി (9497715877), ബാലറ്റ് പേപ്പർ/ഡമ്മി ബാലറ്റ് ചുമതല : ഡെപ്യൂട്ടി കളക്ടർ ടി. ഉണ്ണികൃഷ്ണൻ (8547610085/ 9995733990) , മീഡിയയുടെയും കമ്മ്യൂണിക്കേഷന്റെയും ചുമതല : ജില്ലാ ഇൻ ഫർമേഷൻ ഓഫീസർ വി.ആർ. സന്തോഷ് (9846979162), കമ്പ്യൂട്ടറൈസേഷൻ, ഐസിടി ആപ്ലിക്കേഷൻസ്, സൈബർ സെക്യൂരിറ്റി എന്നിവയുടെ ചുമതല : ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസറായ കെ. സുരേഷ് (9447195558), സ്വീപ്പ് : ജില്ലാ മണ്ണുസംരക്ഷണ ഓഫീസർ പി.ഡി സിന്ധു (9446461648), സ്പെഷ്യൽ തഹ സിൽദാർ (എൽആർ) സുജ വർഗീസ്സ് (9495630783), പരാതി പരിഹാരം, ഹെൽപ്പ് ലൈൻ എന്നിവയുടെ ചു മതല ഹുസൂർ ശിരസ്തദാർ എം.ടി. സജി(8547610091) എന്നിവർക്കും, എസ്.എം.എസ്. മോണിട്ടറിങ്ങി ന്റെയും കമ്മ്യൂണിക്കേഷൻ പ്ലാനിന്റെയും ചുമതല അസിസ്റ്റന്റ് ഇൻഫർമാറ്റിക്സ് ഓഫീസർ സി.ഡബ്ല്യു. ബെർക്കിൻസിനും (9446320199) , ഡിസ്ട്രിക്റ്റ് കോൺടാക്റ്റ് ഓഫീസറുടെയും വോട്ടർ ഹെൽപ്പ്ലൈൻ (1950) ജില്ലാനോഡൽ ഓഫീസറുടെയും ചുമതല ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് ഡെപ്യൂട്ടി ഡയറക്ടർ എ.സി. സോജൻ (8281118457/9446178785)

### ലോകസഭാ തെരഞ്ഞെടുപ്പ്

## മാർച്ച് 25 വരെ വോട്ടർ പട്ടികയിൽ പേരു ചേർക്കാം : ജില്ലാ കളക്ടർ

ലോകസഭ തെരഞ്ഞെടുപ്പിന്റെ ഭാഗമായി മാർച്ച് 25 വരെ വോട്ടർപട്ടികയിൽ പേരു ചേർക്കാമെന്ന് ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറായ ജില്ലാ കളക്ടർ ടി വി അനുപമ അറിയിച്ചു. ലോകസഭാ തെരഞ്ഞെടുപ്പ് അനുബന്ധിച്ച് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന രാഷ്ട്രീയപാർട്ടി പ്രതിനിധികളുടെ യോഗത്തി ലാണ് ഇക്കാര്യം അറിയിച്ചത്. ഓൺലൈനായി വോട്ടർപട്ടികയിൽ പേര് ചേർക്കാനും അവസരമുു്. www.ceo.kerala.gov.in എല്ലാ വിവരങ്ങളും ലഭിക്കും. പതിനെട്ട് വയസ്സ് തികഞ്ഞ സ്ഥിരതാമസക്കാർക്ക് അവസരം വിനിയോഗിക്കാം. മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വന്ന സാഹചര്യത്തിൽ ഇന്നലെ (മാർച്ച് 11) വൈകീട്ട് അഞ്ചുവരെ സർക്കാർ ഓഫീസ് പരിസരത്ത് പോസ്റ്ററുകളും ബാനറുകളും മാറ്റാൻ സമയം നിശ്ചയി ച്ചിരുന്നു. മറ്റെല്ലായിടത്തു നിന്ന് അടുത്ത 24 മണിക്കൂറിനകം ഇവ മാറ്റണം. അനുമതി ഇല്ലാത്ത സ്വകാര്യ ഇട ങ്ങളിലേത് അടുത്ത 24 മണിക്കുറിനകവും നീക്കം ചെയ്യേതാണ്. അല്ലാത്ത പക്ഷം ആന്റിഡിഫൈസ്മെന്റിന്റെ ഭാഗമായി നീക്കം ചെയ്യും. സ്ഥാനാർത്ഥികൾക്ക് ബാങ്ക് അക്കൗ ആവശ്യമുള്ളതിനാൽ സ്ഥാനാർത്ഥിയുടെ സ്വന്തം പേരിലോ ഇലക്ഷൻ ഏജന്റുകൂടിയുള്ള ജോയിന്റ് അക്കൗണ്ട് ഉപയോഗിക്കേ ത്. 30 ദിവസ ത്തിനകം വരവ് ചെലവ് കണക്ക് നൽകണം. ക്രിമിനൽ കുറ്റവും മറ്റും ഉങ്കെിൽ അത് പബ്ലീഷ് ചെയ്യേ തും സി4, സി5 ഫോർമാറ്റിൽ പൂരിപ്പിച്ച് ഫയൽ ചെയ്യണം. വാഹനം ഉപയോഗിക്കുന്നതിനും ലൗഡ് സ്പീക്കർ ഉപയോഗിക്കുന്നതിനും മുൻകൂർ അനുമതി വാങ്ങണം. നാമനിർദ്ദേശ പത്രിക നൽകാൻ വരുന്ന വർ 3 വാഹനം മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. സ്ഥാനാർത്ഥി അടക്കം അഞ്ചു പേർക്കേ നാമ നിർദ്ദേശപത്രിക നൽകാൻ വരാനാവൂ. പത്രദൃശ്യമാധ്യമങ്ങളിൽ നൽകുന്ന പരസ്യമുൾപ്പെടെയുള്ള കാര്യ ങ്ങൾക്ക് എംസിഎംസി യുടെ സർട്ടിഫിക്കറ്റ് വാങ്ങണം. അതിനുശേഷം മാത്രമേ പ്രസിദ്ധീകരിക്കാവൂ. ജില്ലാ ഇൻഫർമേഷൻ ഓഫീസ് വഴിയാണു നൽകേത്. 14 വയസ്സിനു താഴെയുള്ള കുട്ടികളെ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കരുത്. പ്രചരണ സമയം കഴിഞ്ഞാൽ അവിടെ ആളുകൾ തമ്പടിയ്ക്കാൻ പാടുള്ളതല്ല. ക്യാമ്പയിനെത്തുന്ന പ്രധാനവ്യക്തികളുടെ പട്ടിക നൽകണം. പാർട്ടികൾ പരസ്പരം പോസ്റ്ററു കളും മറ്റും നീക്കം ചെയ്യാൻ പാടുള്ളതല്ല. ഭരണത്തിലിരിക്കുന്ന കക്ഷികൾ സർക്കാർ സംവിധാനം ഉപയോ ഗിക്കാൻ പാടുള്ളതല്ലെന്നും ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറായ ജില്ലാ കളക്ടർ അറിയിച്ചു. യോഗത്തിൽ ഡിസിസി ജനറൽ സെക്രട്ടറി കെ വി ദാസൻ, സിപിഐ (എം) പ്രതിനിധി കെ രവീന്ദ്രൻ, സിപിഐ ജില്ലാ ട്രഷറർ കെ ശ്രീകുമാർ, ഡിസിസി ജനറൽ സെക്രട്ടറി കെ ബി ജയറാം, ബിജെപി ജില്ലാ ട്രഷറർ ഇ വി കൃഷ്ണൻ നമ്പൂതിരി, കേരള കോൺഗ്രസ്സ് (ജേക്കബ്) ജില്ലാ പ്രസിഡ് പി എം ഏലിയാസ്, കോൺഗ്രസ്സ് എസ് പ്രതിനിധി സി ആർ വത്സൻ, എൻസിപി പ്രതിനിധി ഇ എ ദിനമണി, ബിഎസ്പി ജില്ലാ പ്രസിഡ് പി പി ഉണ്ണിരാജ്, ബിഎസ്പി പ്രതിനിധി ബി എം രശ്മി, എ.ഡി.എം റെജി. പി. ജോസഫ്, അസിസ്റ്റന്റ് കള ക്ടർ എസ് പ്രേംകൃഷ്ണൻ, ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ എസ് വിജയൻ തുടങ്ങിയവർ പങ്കെടുത്തു.

# സ്വീപ്പ് : ജില്ലയിൽ വിപുലമായ പ്രചാരണ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും - ജില്ലാ കളക്ടർ

ജില്ലയിൽ 8 ലക്ഷത്തോളം പുതിയ വോട്ടർമാർ രജിസ്റ്റർ ചെയ്ത സാഹചര്യത്തിൽ എല്ലാ വോട്ടർമാരെയും വോട്ട് ചെയ്യുന്നതിന് പ്രേരിപ്പിക്കുന്നതിനായി ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള സ്വീപ്പിന്റെ പ്രവർത്തനം തുടങ്ങി. സ്വീപ്പ് ലോഗോ മാർച്ച് 13 ന് ജില്ലാ കളക്ടർ ടി വി അനുപമ പ്രകാശനം ചെയ്യും. ഇലക്ഷനുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളിലും വാഹനങ്ങളിലും ലോഗോ പ്രദർശിപ്പിക്കും. ജില്ലയിലെ വിവിധ ഭാഗങ്ങളിലുള്ള കോളേജുകൾ സന്ദർശിച്ച് പുതിയ വോട്ടർമാർക്ക് പരിശീലന ബോധവൽക്കരണത്തിനായി 43 ദിവസം നീനുനിൽക്കുന്ന പ്രചരണ പ്രവർത്തനങ്ങൾ 13 ന് തുടങ്ങും. സോഷ്യൽ മീഡിയ, ഇലക്ട്രോണിക് മീഡിയ വഴി കളക്ടറുടെയും മറ്റ് സെലിബ്രിറ്റികളുടെയും വോട്ട് ചെയ്യുവാൻ ആഹ്വാനിച്ചുകൊള്ള ചെറു ചിത്രങ്ങൾ പ്രചരിപ്പിക്കും. തീരദ്ദേശ മേഖലകളിൽ ചെറുവഞ്ചികളിലും പട്ടികവർഗ്ഗ-പട്ടികജാതി കോളനികളിലും തെരുവു നാടകങ്ങൾ അയ്യന്തോൾ മുതൽ സ്വരാജ് റൗ് വരെ കൂട്ടയോട്ടം ഫ്ളാഷ് മോബ്, നാടൻ കലാരൂപങ്ങൾ, നൃത്തരൂപങ്ങൾ തുടങ്ങിയവ പ്രചരണ പ്രവർത്തനങ്ങളുടെ ഭാഗമായി സംഘടിപ്പിക്കും. സോഷ്യൽ മീഡിയകൾ അനാഥമന്ദിരങ്ങൾ വൃദ്ധമന്ദിരങ്ങൾ തുടങ്ങിയവയിലും സന്ദേശങ്ങൾ നൽകും. മാർച്ച് 22 ന് ജലദിനത്തിൽ നദികൾ ഭാഗങ്ങളായി വരുന്ന തദ്ദേശസ്ഥാപനങ്ങളിൽ സ്വീപ്പിന്റെ ലോഗോ ചിഹ്നത്തിന്റെ മാതൃകയിൽ പുഴയിൽ ദീപങ്ങൾ തെളിയിക്കും. വോട്ട് ചെയ്യുന്ന ആളുകളിൽ നിന്ന് നറുക്കെടുത്ത് ഓരോ നിയോജകമണ്ഡലത്തിലും ഒരു വോട്ടറെ തിരഞ്ഞെടുക്കുകയും അവർക്ക് സമ്മാനങ്ങൾ നൽക്കുകയും ചെയ്യും. വോട്ട് വി ജില്ലയുടെ വിവിധ ഭാഗങ്ങളിൽ കേന്ദ്രീകരിച്ചു കൊ് പൊതുജനങ്ങൾക്ക് വോട്ടിങ്ങിന്റെ രീതികൾ മനസ്സിലാക്കിക്കുന്നതിന് തയ്യാറാക്കും. കോളേജ് തലത്തിലുള്ള എൻഎസ്എസ് ഉം എൻസിസി യും ക്യാമ്പസ് അംബാസിഡർമാരും ചേർന്നു കൊ് വിപുലമായ പ്രചരണ പരിപാടികളാണ് സ്വീപ്പിന്റെ ഭാഗമായി ആരംഭിക്കുകയെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

# ഔദ്യോഗിക വെബ് സൈറ്റിൽ നിന്ന് പരാമർശങ്ങൾ നീക്കണം : ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർ

ഇലക്ഷൻ കമ്മീഷന്റെ 2019 ലെ ലോകസഭ തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിന്റെ ഫലമായി തിരഞ്ഞെടുപ്പു കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള മാതൃക പെരുമാറ്റച്ചട്ടം നിലവിൽ വന്നു കഴിഞ്ഞു. ജില്ലയിലെ കേന്ദ്ര/ സംസ്ഥാന വകുപ്പുമായി ബന്ധപ്പെട്ട ഓഫീസ് മേധാവികൾ തങ്ങളുടെ ഔദ്യോഗിക വെബ് സൈറ്റുകളിൽ ലഭ്യമായ മന്ത്രിമാർ, രാഷ്ട്രീയക്കാർ, രാഷ്ട്രീയ പാർട്ടികൾ എന്നിവരുടെ എല്ലാ പരാമർശങ്ങളും നിർബന്ധമായി നീക്കം ചെയ്യണം. അല്ലാത്ത പക്ഷം മാതൃകാപെരുമാറ്റ ചട്ടലംഘനമായി കണക്കാക്കി നടപടികൾ സ്വീകരിക്കുമെന്ന് ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറായ ജില്ലാ കളക്ടർ ടി വി അനുപമ അറിയിച്ചു.

# സർക്കാർ വാഹനങ്ങളുടെ വിവരം ഉടൻ നൽകണം

ലോകസഭ പൊതുതെരഞ്ഞെടുപ്പ് ആവശ്യത്തിന് ജില്ലയിലെ സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, ബോർഡുകൾ, സർവകലാശാലകൾ, മറ്റുസർക്കാർ സ്ഥാപനങ്ങൾ എന്നിവയുടെ കീഴിലുള്ള സർക്കാർ വാഹനങ്ങളുടെ വിവരം നിശ്ചിത പ്രഫോർമയിൽ അടിയന്തിരമായി ഡെപ്യൂട്ടി കളക്ടർ (ഇലക്ഷൻ) മുൻപാകെ നൽകണമെന്ന് ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥകൂടിയായ ജില്ലാ കളക്ടർ ടി വി അനുപമ അറിയിച്ചു. നേരത്തെ നിർദ്ദേശിച്ചിട്ടും വിവരം ലഭിക്കാത്ത സാഹചര്യത്തിലാണ് ജില്ലാ കളക്ടറുടെ ഉത്തരവ്.

# മാതൃകാ പെരുമാറ്റസംഹിത :
# ജാതിയുടെ പേരിലും സമുദായത്തിന്റെ പേരിലും വോട്ട് ചോദിക്കരുത്

രാഷ്ട്രീയപാർട്ടികൾക്കും സ്ഥാനാർത്ഥികൾക്കുമായുള്ള മാതൃകാ പെരുമാറ്റ സംഹിത പ്രകാരം ജാതിയുടെ പേരിലും സമുദായത്തിന്റെ പേരിലും വോട്ട് ചോദിക്കാൻ പാടില്ല. മുസ്ലിം പള്ളികൾ, ചർച്ചുകൾ, ക്ഷേത്രങ്ങൾ, മറ്റ് ആരാധനാലയങ്ങൾ എന്നിവ തെരഞ്ഞെടുപ്പ് പ്രചാരണത്തിനുള്ള വേദിയായി ഉപയോഗിക്കരുത്. വിവിധ ജാതികളും സമുദായങ്ങളും തമ്മിൽ മതപരമായ ഭാഷാപരമായോ ആയ സംഘർഷങ്ങൾ ഉള്ളവാക്കുന്നതോ നിലവിലുള്ള ഭിന്നതകൾ ആക്കം കൂട്ടുന്നതോ പരസ്പരം വിദ്വേഷം ജനിപ്പിക്കുന്നതോ ആയ ഒരു പ്രവർത്തനത്തിലും പാർട്ടികളോ സ്ഥാനാർത്ഥികളോ ഏർപ്പെടാൻ പാടുള്ളതല്ല. മറ്റ് രാഷ്ട്രീയ പാർട്ടികളെക്കുറിച്ച് വിമർശനം നടത്തുമ്പോൾ അത് അവരുടെ നയങ്ങളിലും പരിപാടികളിലും പൂർവകാല ചരിത്രത്തിലും പ്രവർത്തനങ്ങളിലും മാത്രമായി ഒതുക്കി നിർത്തേതാണ്. മറ്റു പാർട്ടികളുടെ നേതാക്കൻമാരുടെയും പ്രവർത്തകരുടെയും പൊതുപ്രവർത്തനവുമായി ബന്ധമില്ലാത്ത സ്വകാര്യജീവിതത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് പാർട്ടികളും സ്ഥാനാർത്ഥികളും വിമർശിക്കരുത്. അടിസ്ഥാനരഹിതമായി ആരോപണങ്ങൾ ഉന്നയിച്ചുകൊ് മറ്റ് പാർട്ടികളെയും അവയിലെ പ്രവർത്തകരെയും വിമർശിക്കുയെന്നത് ഒഴിവാക്കേതാണെന്നും മാതൃകാ പെരുമാറ്റസംഹിത നിർദ്ദേശിക്കുന്നു.

# പി എസ് സി അഭിമുഖം

മുനിസിപ്പൽ കോമൺ സർവീസിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് ര് (കാറ്റഗറി നമ്പർ 137/15, 571/14) തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിനായി പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും തൃശൂർ ജില്ലയിൽ ഇന്റർവ്യൂ നിശ്ചയിച്ചിട്ടുള്ളതുമായ അർഹരായ ഉദ്യോഗാർത്ഥികളുടെ അഭിമുഖം മാർച്ച് 13, 15, 15 തീയതികളിൽ ജില്ലാ പി എസ് സി ഓഫീസിൽ നടക്കും. ഉദ്യോഗാർത്ഥികൾക്ക് ഇത് സംബന്ധിച്ച എസ്എംഎസ് / പ്രൊഫൈൽ മെസ്സേജ് മുഖേന അറിയിപ്പ് നൽകിയിട്ടു്. ഉദ്യോഗാർത്ഥികൾ അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്ത് അതിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് ഇന്റർവ്യൂവിന് എത്തണമെന്ന് പിഎസ്സി ജില്ലാ ഓഫീസർ അറിയിച്ചു.

ജില്ലയിൽ പട്ടികവർഗ്ഗ വികസന വകുപ്പിൽ ആയ (കാറ്റഗറി നമ്പർ 364/2016) തസ്തികയിലേക്കായി വൺ ടൈം വെരിഫിക്കേഷൻ പൂർത്തിയാക്കിയ യോഗ്യരായ ഉദ്യോഗാർത്ഥികൾക്കുള്ള അഭിമുഖം മാർച്ച് 13 രാവിലെ 9.30 ന് തൃശൂർ ജില്ലാ പി എസ് സി ഓഫീസിൽ നടക്കും. പ്രൊഫൈൽ മെസ്സേജ്, എസ്എംഎസ് എന്നിവ നൽകിയിട്ടു്. അറിയിപ്പ് ലഭിക്കാത്തവർ ഓഫീസുമായി ബന്ധപ്പെടണമെന്ന് പിഎസ്സി ജില്ലാ ഓഫീസർ അറിയിച്ചു.

# മാറ്റി വച്ചു

ലോകസഭാ തെരഞ്ഞെടുപ്പിന്റെ പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രികളിലേക്കുള്ള ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് ര് തസ്തികയിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 12 മുതൽ 14 വരെ നടത്താൻ നിശ്ചയിച്ച അഭിമുഖം മാറ്റി വച്ചു. പുതുക്കിയ തീയതി പിന്നീടറിയിക്കും.

# അവസാനിച്ചു